

THURSDAY 19/06/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. Binu Harriet Ivan



**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/06/2025

1. മാടപ്പള്ളി ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിലെ ജൈവ കർഷകർ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളുടേയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടേയും ജൈവ കാർഷിക ഉപാധികളുടെയും പ്രദർശനവും വിപണനവും 2025 ജൂൺ 19, 20 തീയതികളിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടത്തുന്നു. ജൈവം – 2025 ൻ്റെ ഉദ്ഘാടനം ഇന്നു രാവിലെ 10 മണിക്ക് ചങ്ങനാശ്ശേരി എം.എൽ.എ അഡ്വ. ജോബ് മൈക്കിൾ നിർവഹിക്കുന്നതാണ്. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാർഷികപദ്ധതിയിൽ ജൈവ പച്ചിലവർഗ്ഗ കൃഷിയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യപച്ചയുടെ ഉദ്ഘാടനം ജൂൺ 20 ഉച്ചയ്ക്ക് 12.30 ന് ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ഹേമലത പ്രേംസാഗർ നിർവ്വഹിക്കുന്നതാണ്. ഇതോടൊപ്പം ആത്മ കോട്ടയത്തിൻ്റെ ആഭിമുഖ്യത്തിൽ കർഷക ശാസ്ത്രജ്ഞ മുഖാമുഖവും നടത്തുന്നതാണ്. നാടൻ ഭക്ഷ്യ വിഭവങ്ങളുടെ സ്റ്റാളും വിദ്യാർഥികൾക്ക് കാർഷിക ക്വിസ് മത്സരവും ഇതോടൊപ്പം നടത്തുന്നു. മികച്ച ജൈവ കർഷരെ ആദരിക്കുന്നതുമാണ്.

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ കന്നുകാലികളുടെ ചികിത്സയ്ക്കായി പേറ്റൻ്റ് വെറ്ററിനറി മരുന്നുകൾ 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് വിതരണം നടത്തുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ അല്ലെങ്കിൽ കമ്പനികളിൽ നിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തിയതി 02/07/2015 പകൽ 11 മണിവരെയാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദർഘാസ് തുക 4,90,000/-, നിരതദ്രവ്യം : 4,900/-

ദർഘാസ് ഫോമിന്റെ വില : 1000/- 18% ജി.എസ്.റ്റി

കൂടുതൽ വിവരങ്ങൾക്ക് 0471-2732962 (9446406242) എന്ന നമ്പരിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

3. റബ്ബർഗവേഷണകേന്ദ്രത്തിലെ ബയോടെക്നോളജി ആന്റ് ജീനോം ഡിവിഷനിൽ അനലിറ്റിക്കൽ ട്രെയിനികളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. അപേക്ഷകർ ആഗ്രിക്കൾച്ചർ/ ബോട്ടണി/ബയോടെക്നോളജി ബയോകെമിസ്ട്രി എന്നിവയിലേതിലെങ്കിലും ബിരുദാനന്തരബിരുദം ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01 ന് 30 വയസ്സ് കവിയരുത് താൽപര്യമുള്ളവർ പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ ഓഫ് റിസർച്ച് മുമ്പാകെ 2025 ജൂൺ 25 ന് രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

4. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ ഏകീകൃത തിരിച്ചറിൽ കാർഡ് നൽകുന്നതിന് എഐഐഐഎസ് സോഫ്റ്റ് വെയറിൽ അംഗങ്ങളുടെ പേര്, ജനന തീയതി, മൊബൈൽ നമ്പർ, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, ഫോട്ടോ തുടങ്ങിയ വിവരങ്ങൾ ജൂലൈ 31 നകം അക്ഷയ കേന്ദ്രങ്ങളിൽ സമർപ്പിച്ച് അപ്പ്ഡേറ്റ്



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ചെയ്യണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 049 204602.

5. പാറശാല ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ 50 രൂപ നിരക്കിൽ സങ്കരയിനം തെങ്ങിൻ തൈകൾ വില്പനയ്ക്ക് എത്തിയിട്ടുണ്ട്. ആവശ്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടുക.

6. കോഴഞ്ചേരി പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിൽ ജൂൺ 20ന് വളർത്ത് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യും. ആവശ്യമുള്ളവർ 0468 2214589.എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ +2/തത്തുല്യ യോഗ്യത അടിസ്ഥാനമായുള്ള താഴെ പറയുന്ന കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള (25.04.2025 ലെ No. KAU EDU/743/2025 EDU F3 വിജ്ഞാപനം) അവസാനതിയതി 30.06.2025 വരെ നീട്ടിയിരിക്കുന്നു. ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മന്റ് വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

## പ രിശീലന പരിപാടി

8. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: : training@rubberboard.org.in

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന്ൻ സർട്ടിഫിക്കറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സ് എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ജൂലൈ 8** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ജൂലൈ 9** കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com_ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദേശം**

10. മരച്ചീനിയുടെ മൂടഴുകൽ

ലക്ഷണം :- ഇലകളിൽ മഞ്ഞളിപ്പും, ഇലകൊഴിച്ചിലും രണ്ട് ഭാഗം വിണ്ട കീറി കിഴങ്ങ് അഴുകുകയും ചെയ്യുന്നതാണ് ലക്ഷണം.

താൽക്കാലിക നിയന്ത്രണ മാർഗങ്ങൾ :-

കൃഷിയിട ശുചീകരണം: തീവ്ര രോഗബാധയേറ്റ ചെടികളെ പിഴിതുമാറ്റി തീയിടുക. കൃഷിയിടത്തിൽ വെള്ളം കെട്ടി നിൽക്കാതെ നീർവാർച്ച ക്രമീകരിക്കുക. ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം